## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 649 — 11.06.2014-ൽ മറുപടിക്ക്

### ആരോഗ്യകിരണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, എ. റ്റി. ജോർജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ കിരണം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് ആരോഗ്യ കിരണം പദ്ധതി 2013 ഒക്ടോബർ 2 മുതൽ നിലവിൽ വന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ് ;<br>(സി) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) (സി) **ഉദ്ദേശ ലക്ഷ്യം**<br>ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ എല്ലാവിധ രോഗങ്ങളുടേയും ചികിത്സകളും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ താങ്ങാനാവാത്ത ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നു.<br>**പ്രവർത്തന രീതി**<br>ആശുപത്രിയിൽ വരുന്ന രോഗികൾ ഏത് ആനുകൂല്യത്തിനാണ് അർഹത എന്ന നിലയിൽ തരം തിരിക്കപ്പെടുന്നു. (ഉദാ: ജെ.എസ്.എസ്.കെ, ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ്, കാരുണ്യ, താലോലം, ക്യാൻസർ സുരക്ഷ) ചികിത്സാ ചെലവിന്റെ തരം അനുസരിച്ച് അനുയോജ്യമായ സ്രോതസ്സിൽ നിന്നും ഇവരുടെ എല്ലാ ചികിത്സാ ചെലവുകളും ചെയ്തു കൊടുക്കപ്പെടുന്നു. സാധാരണ രോഗികൾക്ക് ആശുപത്രികളിൽ എല്ലാ സൗജന്യ സേവനങ്ങളും തുടർന്നും ലഭിക്കുന്നതാണ്.<br>രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാണ് എന്ന ഉറപ്പ് വരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ പദ്ധതിയിൽ എംപാനൽ ചെയ്ത ലാബുകളിൽ |

(.....2)

നിന്നും ചെയ്തു കൊടുക്കപ്പെടും. ഇതിനുള്ള ചെലവ് സർക്കാർ ആരോഗ്യ കിരണം ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്. ആശുപത്രികൾ തമ്മിലുള്ള ആംബുലൻസ് സംവിധാനത്തിനുള്ള ചെലവും ഇതേ രീതിയിൽ ആരോഗ്യ കിരണം ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതാണ്.

ഈ പദ്ധതിയിലൂടെ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ ചികിത്സ ലഭ്യമാകുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും വരുമാന നികുതി അടയ്ക്കുന്നവർക്കും ഈ പദ്ധതി ലഭ്യമല്ല.

ആരോഗ്യ കിരണം പദ്ധതിക്കുള്ള രൂപരേഖകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ എല്ലാ ആശുപത്രി സൂപ്രണ്ട്, ലേ സെക്രട്ടറി, ജില്ലാ ആർ.സി.എച്ച്. ഓഫീസർമാർ തുടങ്ങിയവർക്ക് തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ വച്ച് പ്രത്യേക പരിശീലനം നൽകി യിട്ടുണ്ട്. ജില്ലാ തലത്തിലും മെഡിക്കൽ കോളേജ് തലത്തിലുമുള്ള ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം) ഫണ്ടിൽ നിന്നും കുട്ടികളുടെ ചികിത്സയ്ക്ക് ആവശ്യമായ തുക ചെലവഴിക്കാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീ സർമാർക്കും ജില്ലാ പ്രോഗ്രാം മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം വകുപ്പുകളുടെ ഏകോപന ത്തോടുകൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് ; വിശദാംശങ്ങൾ വ്യക്ത മാക്കാമോ ? | (ഡി) | ആരോഗ്യ വകുപ്പ്, ധന വകുപ്പ്, തൊഴിൽ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവയെ ഒരു കുടക്കീഴിലാക്കി ജനങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ഉത്തമമായ സഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ